പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1204 — 13/12/2012 ൽ മറുപടിയ്ക്ക്

റീസർവ്വേ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റീ സർവ്വേ നിർത്തിവയ്ക്കാനുണ്ടായ സാഹചര്യങ്ങൾ എന്തെന്ന് വിശദമാക്കുമോ; | (എ) ബഹു.മുഖ്യമന്ത്രിയുടെ 2011 ലെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ അവലോകനം ചെയ്തതിൽ റീസർവ്വെ സംബന്ധിച്ച ധാരാളം പരാതികളും ഹർജികളും ഇനിയും തീർപ്പുകല്പ്പിക്കുവാൻ അവശേഷിക്കുന്നതായും, റീസർവ്വെ കഴിഞ്ഞതിനുശേഷം കരം ഒടുക്കുവാനും പോക്കുവരവ് ചെയ്യുന്നതിനും കഴിയുന്നില്ല എന്നും കാണിച്ച് അനേകം പരാതികൾ ബഹു.മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാരസെല്ലിൽ ലഭിച്ചു വരുന്നതായും കണ്ടെത്തിയിട്ടുണ്ട്. റീസർവ്വെ പൂർത്തിയാക്കിയ വില്ലേജുകളിലെല്ലാം തന്നെ ആയിരക്കണക്കിനു പരാതികളും ഹർജികളും ഉണ്ടാവുകയും ചെയ്തു.<br>സംസ്ഥാനത്ത് റീസർവ്വെ നടത്തിയതിന്റെ ഇതുവരെയുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സംസ്ഥാനത്ത് ഇനിയും റീസർവ്വെ നടത്തുവാനുള്ള പ്രദേശങ്ങളിൽ സർക്കാർ ഭൂമി മാത്രം റീസർവ്വെ ചെയ്ത് തിട്ടപ്പെടുത്തിയാൽ മതിയെന്നും അപേക്ഷ ലഭിക്കുന്ന മുറക്ക് മാത്രം സ്വകാര്യവ്യക്തികളുടെ ഭൂമിയുടെ റീസർവ്വെ, നടത്താവുന്നതാണെന്നും തീരുമാനിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| (ബി) | റീ സർവ്വേ സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; | (ബി) | പരിഗണനയിലില്ല. |
| (സി) | റീ സർവ്വേപ്രകാരം തയ്യാറാക്കുന്ന അടിസ്ഥാന ഭൂരേഖ സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നത് പൊതു താല്പര്യത്തിന് എതിരാണെന്നുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോ; | (സി) | |
| (ഡി) | ഇതുമൂലം 3000ത്തോളം തസ്തികകൾ ഇല്ലാതാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) & | ബാധകമല്ല. |
| (ഇ) | എങ്കിൽ യുവാക്കളുടെ പരിമിതമായ തൊഴിലവസരങ്ങൾ ഇല്ലാതാക്കുന്ന ഇത്തരം നടപടികൾക്ക് ഏത് തരത്തിൽ പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | |

സെക്ഷൻ ഓഫീസർ